(ബി) ഏതൊക്കെ സ്ഥാപനങ്ങളാണ് കുടിശ്ശികയിനത്തിൽ കെ.എസ്. ആർ.ടി.സി. ക്ക് പണം നൽകാനുള്ളതെന്നും, എത്ര തുക വീതമാണെന്നും വിശദമാക്കുമോ ;

(സി) പണമടയ്ക്കുന്നതിൽ വീഴ്ച വന്നതിന് ഉത്തരവാദികളാരെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കുടിശ്ശികകൾ ഏറെ പിരിഞ്ഞു കിട്ടാനുള്ളതിനാൽ കെ.എസ്.ആർ.ടി.സി. കടക്കെണിയിലാവുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്, റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് എന്നീ വകുപ്പുകൾ ട്രാൻസ്പോർട്ട് ഭവനിൽ വാടകയ്ക്കു പ്രവർത്തിച്ചുവരികയാണ്. ടി വകുപ്പുകൾ കറണ്ട് ചാർജ്ജ് ഇനത്തിൽ ഭീമമായ കുടിശ്ശിക വരുത്തിയിട്ടുണ്ട്. തുക അടയ്ക്കണമെന്ന് ആവർത്തിച്ചാവർത്തിച്ചു ആവശ്യപ്പെട്ടിട്ടും തുക അടച്ചിരുന്നില്ല. കെ. എസ്. ആർ. ടി. സി. പലിശയ്ക്ക് പണം എടുത്താണ് ടി തുക അടച്ചു കൊണ്ടിരുന്നത്. കറണ്ട് ചാർജ്ജ് തുക അടച്ചില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കുമെന്ന് മുൻകൂർ നോട്ടീസ് നൽകിയശേഷവും തുക അടയ്ക്കാത്ത സാഹചര്യത്തിലാണ് വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത്.

(ബി&സി) 1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ

2. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

3. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്

വിശദമായ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളോട് കുടിശ്ശിക തുക അടയ്ക്കുകയും ഓരോ വകുപ്പും പ്രത്യേകം വൈദ്യുതി കണക്ഷൻ എടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ട്രാൻസ്പോർട്ട് ഭവനിലെ അന്യഓഫീസുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

220 (4009) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളുടെയും വൈദ്യുതി ചാർജ് കെ.എസ്.ആർ.ടി.സി. യാണോ നൽകിവരുന്നത് ;

(ബി) പ്രതിമാസം ശരാശരി എത്ര തുക ഈയിനത്തിൽ കെ.എസ്. ആർ.ടി.സി. നൽകിവരുന്നു എന്നറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ, ഏതൊക്കെയാണ് ;

(ഡി) ഓരോ ഓഫീസും വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്. ആർ.ടി.സി.യ്ക്ക് എന്തു തുക വീതം നൽകാനുണ്ട് എന്നറിയിക്കുമോ ;

(ഇ) ഓരോ ഓഫീസും എത്ര കാലത്തെ കുടിശ്ശികനൽകാനുണ്ട് ;

(എഫ്) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ജി) കുടിശ്ശിക നൽകാൻ തയ്യാറാകാത്ത ഓഫീസുകൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളുടെയും വൈദ്യുതി ചാർജ്ജ് കെ. എസ്. ആർ. ടി. സി. യാണ് നൽകിവരുന്നത്.

(ബി) പ്രതിമാസം ശരാശരി രജിസ്ട്രേഷൻ വകുപ്പിന്റെ- 11,513 രൂപയും, ആർ. ടി. ഓഫീസിന്റെ 47,400 രൂപയും, സിവിൽ സപ്ലൈസ് വകുപ്പിന്റെ - 24,165 രൂപയും കെ. എസ്. ആർ. ടി. സി. നൽകിവരുന്നു.

(സി) 1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ

2. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

3. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്

(ഡി) 1. മോട്ടോർ വാഹന വകുപ്പ് - ₹. 35,20.837 + പലിശ

2. രജിസ്ട്രേഷൻ വകുപ്പ് - ₹ 4,79,816 + പലിശ

3. സിവിൽ സപ്ലൈസ് കോർപ്പറേഷൻ - ₹ 19,16,035 + പലിശ

(ഇ) 1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ - 1991 മുതൽ

2. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് - 4/2001 മുതൽ

3. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് - 1991 മുതൽ

(എഫ്) കത്ത് മുഖേന നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) കുടിശ്ശികയും, പലിശയും അടയ്ക്കാനും പുതിയ കണക്ഷൻ എടുക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

തൃക്കരിപ്പൂർ മണ്ഡലത്തിൽ പുതുതായി അനുവദിച്ച കെ. എസ്. ആർ. ടി. സി. ബസ്സുകൾ

221 (4010) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലൂടെ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആണ് പുതുതായി സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly